शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

**805**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2015

## വിഷയം : സാമൂഹ്യശാസ്ത്രം

സമയം : $1^1/_2$ മണിക്കൂർ | സ്റ്റാന്റേർഡ് : VIII | ആകെ സ്കോർ : 40

**പൊതുനിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- സമാശ്വാസസമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.
- നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.

1. പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ എല്ലാ സവിശേഷതകളെയും ചിത്രീകരിക്കുന്ന ഭൂപടത്തിന്റെ പേരെഴുതുക. (1)

2. സപ്തസൈന്ധവപ്രദേശത്തെ ആര്യന്മാരുടെ ജീവിതരീതിയെ ക്കുറിച്ച് വിശദീകരിക്കുക. (3)

3. ചുവടെ നൽകിയിട്ടുള്ള ഭൂപടങ്ങളെ ചെറിയതോത്, വലിയതോത് എന്നതിന്റെ അടിസ്ഥാനത്തിൽ വർഗീകരിക്കുക.

   - ധരാതലീയ ഭൂപടം
   - അറ്റ്ലസ് ഭൂപടം
   - കഡസ്ട്രൽ ഭൂപടം
   - ചുമർ ഭൂപടം

   (2)

4. പഴന്തമിഴ് പാട്ടുകളിൽ പരാമർശിക്കുന്ന കുറിഞ്ചി, മുല്ലൈ തിണകളുടെ ഓരോ പ്രത്യേകത വീതം എഴുതുക. (2)

5. 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്ന് ക്രമപ്പെടുത്തി എഴുതുക. (4)

| എ | ബി |
|---|---|
| അന്താരാഷ്ട്ര മണ്ണ് വർഷം | ഹൊയാങ്ഹോ നദീതടം |
| ചൈനീസ് സംസ്കാരം | ജോൺ മാർഷൽ |
| പ്രാചീനശിലായുഗം | 2015 |
| സിന്ധുനദീതട സംസ്കാരം | ഭിംബേഡ്ക |

6. മഹാശിലായുഗ സംസ്കാരത്തിന്റെ സവിശേഷതകൾ വിശദമാക്കുക. (5)

7. ആഡംസ്മിത്ത്, ആൽഫ്രഡ് മാർഷൽ എന്നീ ചിന്തകന്മാരുടെ അടിസ്ഥാന ആശയങ്ങൾ രേഖപ്പെടുത്തി അവയുടെ പ്രാധാന്യം വ്യക്തമാക്കുക. (4)

8. ഉൽപ്പാദന[illegible]ൽ നിന്നുള്ള വരുമാനം വിതരണം ചെയ്യപ്പെടുന്നതെങ്ങനെ? (2)

9. ഇരുമ്പിന്റെ ഉപയോഗം ആര്യന്മാരുടെ ജീവിതത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എഴുതുക. (3)

10. ചുവടെ നൽകിയിരിക്കുന്നത് ഭൂപടത്തിലെ ചില അംഗീകൃത നിറങ്ങളും അവയുടെ സവിശേഷതകളുമാണ്. അവയെ അനുയോജ്യമായ രീതിയിൽ ക്രമപ്പെടുത്തുക. (3)

| നിറം | സവിശേഷതകൾ |
|---|---|
| പച്ച | ജലാശയങ്ങൾ |
| മഞ്ഞ | നൈസർഗിക സസ്യജാലങ്ങൾ |
| നീല | കൃഷിയിടങ്ങൾ |

11. മൗര്യസാമ്രാജ്യത്തിലെ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക. (2)

12. പദസൂര്യൻ പൂർത്തിയാക്കുക. (3)




13. ഇന്ത്യയുടെ സാമൂഹിക - സാംസ്കാരിക രംഗത്ത് ജൈനമതവും ബുദ്ധമതവും നൽകിയ സംഭാവനകൾ ഏതെങ്കിലും രണ്ടെണ്ണം എഴുതുക. (2)

14. മൗര്യസാമ്രാജ്യത്തിന് ഇന്ത്യയിലെ ആദ്യത്തെ സാമ്രാജ്യം എന്ന പദവി നേടിക്കൊടുത്ത ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക. (2)